ഭരണഭാഷ - മാതൃഭാഷ

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
# പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംങ്ഷൻ, തിരുവനന്തപുരം - 33
# (ഹാജർ -അനുപമ.റ്റി.വി ഐ.എ.എസ്)

നം.ഇ **LRN2-455/2023(1)** **06-06-2023**

വിഷയം : ജീവനക്കാര്യം : ഫെയർകോപ്പി സൂപ്രണ്ട് തസ്തിക ഓൺലൈൻ സ്ഥലംമാറ്റം - കരട് സ്ഥലം മാറ്റ ഉത്തരവ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു

വായന

1.ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 25/02/2017 ലെ സ.ഉ.(പി)3/2017 നം. സർക്കാർ ഉത്തരവ്

2.ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 05/04/2018ലെ സ.ഉ.(പി)10/2018 നം. സർക്കാർ ഉത്തരവ്

3.റവന്യൂ (സി) വകുപ്പിന്റെ 26/08/2020 ലെ 2723/20/റവ നം. സർക്കാർ ഉത്തരവ്

4.lrd.kerala.gov.in പോർട്ടലിൽ 13/4/2023 തീയതി വരെ ലഭിച്ച ഓൺലൈൻ അപേക്ഷകൾ

5.26/04/23 തീയതിയിൽ ഇതേ നമ്പരായി പ്രസിദ്ധീകരിച്ച കരട് മുൻഗണനാ ലിസ്റ്റ്.

6.Lrd.kerala.gov.in പോർട്ടലിൽ ഓൺലൈനായി ലഭിച്ചിട്ടുള്ള ആക്ഷേപങ്ങൾ

7.ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27/02/2023 ലെ ഒ.എ. 1356/2022 നമ്പർ വിധിന്യായം

8.റവന്യൂ (സി) വകുപ്പിന്റെ 12/05/2023 ലെ സ.ഉ. (സാധാ) നം. 1866/2023 /ആർഡി ഉത്തരവ്

9. 12/05/2023 തീയതിലെ ഇതേ നമ്പർ അന്തിമ സീനിയോരിറ്റി പട്ടിക

ലാൻഡ് റവന്യൂ വകുപ്പിൽ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിന് വായന (1), (2), എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ച് വായന (3) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അപ്രകാരം പൊതുസ്ഥലംമാറ്റത്തിനായി, വായന (4) പ്രകാരം ,ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരിൽ നിന്നും ലഭ്യമായ അപേക്ഷകൾ അപേക്ഷാസമയത്തെ അപേക്ഷകന്റെ സ്റ്റേഷൻ, സ്റ്റേഷനിൽ

പ്രവേശിച്ച തീയതി എന്നിവ ബന്ധപ്പെട്ട ഓഫീസ് മേധാവി പരിശോധിച്ച് ജില്ലാ കലക്ടർമാർ മുഖേന സമർപ്പിക്കപ്പെട്ടിട്ടുള്ളതാണ്. ടി അപേക്ഷകൾ വായന (1), (2), (3) പ്രകാരമുള്ള ഉത്തരവുകളിലെ മാനദണ്ഡങ്ങൾക്കനുസൃതമായും , നിലവിലുള്ള നിയമങ്ങൾ/ചട്ടങ്ങൾ എന്നിവയ്ക്ക് വിധേയമായും 30/04/2023 പ്രാബല്യത്തിൽ സർവ്വീസ് കാലയളവ് കണക്കാക്കി മുൻഗണനയുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനായുള്ള കരട് പട്ടിക വായന (5) പ്രകാരം പ്രസിദ്ധീകരിക്കുകയും , ടി ലിസ്റ്റിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് 02/05/2023 വരെ സമയം അനുവദിക്കുകയും ചെയ്തിരുന്നു . അപ്രകാരം ലഭിച്ച എല്ലാ ആക്ഷേപങ്ങളും പരിശോധിച്ച് തീർപ്പാക്കിയിട്ടുള്ളതും വായന (9) പ്രകാരം അന്തിമ സിനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ് .

ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ മറ്റൊരു അന്തിമ മുൻഗണനാ പട്ടിക നിലവിൽ വരുന്നതുവരെ സംസ്ഥാനത്തെ വിവിധ സ്റ്റേഷനുകളിൽ ഉണ്ടാകുന്ന ഓപ്പൺ വേക്കൻസികളിലേയ്ക്ക് വായന (9) പ്രകാരമുള്ള മുൻഗണനാ പട്ടികയിൽ നിന്നും മാത്രം സ്ഥലംമാറ്റം നടത്തുന്നതാണ്. നിലവിലെ കേഡറിൽ അതാത് സ്റ്റേഷനിൽ പ്രവേശിച്ച തീയതിയാണ് സ്റ്റേഷൻ സീനിയോരിറ്റിയായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ തീയതി ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ/ ഓഫീസ് മേധാവികൾ അവരുടെ ലോഗിനിൽ അപ്ഡേറ്റ് ചെയ്തിട്ടുള്ളതാണ്. സ്റ്റേഷൻ സീനിയോരിറ്റി, കേഡർ സീനിയോരിറ്റി, ഹോം ജില്ല, സ്റ്റേഷനിലേയ്ക്കുള്ള ദൂരം, പ്രൊമോഷൻ ഉത്തരവിലെ ക്രമ നമ്പർ എന്നിവ അടിസ്ഥാനമാക്കിയാണ് മുൻഗണന പട്ടിക തയ്യാറാക്കി വായന (9) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നത്

ഈ സാഹചര്യത്തിൽ, വായന (9) പ്രകാരമുള്ള മുൻഗണന പട്ടികയുടെ അടിസ്ഥാനത്തിൽ, ഫെയർകോപ്പി സൂപ്രണ്ട് കേഡറിലുള്ള ജീവനക്കാരുടെ കരട് സ്ഥലം മാറ്റ ഉത്തരവ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. പ്രസ്തുത ഉത്തരവിനെതിരെ എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉള്ളപക്ഷം ടി ഉത്തരവ് തീയതി മുതൽ 3 ദിവസത്തിനകം ആയത് ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്.

## Open Category list

| ക്രമ.നം | പേര്& പെൻ | നിലവിൽ ജോലി ചെയ്യുന്ന ജില്ല/സ്റ്റേഷൻ | സ്ഥലം മാറ്റി നിയമിക്കുന്ന ജില്ല/സ്റ്റേഷൻ | ട്രാൻസ്ഫർ തരം | റിമാർക്സ് |
|---|---|---|---|---|---|
| 1 | ജിജിമോൾ ആർ(164924) | തിരുവനന്തപുരം/തിരുവനന്തപുരം | കൊല്ലം/കൊല്ലം | ഓപ്ഷൻ | പ്രത്യേക മുൻഗണന വിഭാഗം |
| 2 | ബിന്ദു എച്ച് രാജൻ(606917) | തിരുവനന്തപുരം/തിരുവനന്തപുരം | ആലപ്പുഴ/അമ്പലപ്പുഴ | ഓപ്ഷൻ | |

ഓൺലൈൻ ആയി തയ്യാറാക്കിയിരിക്കുന്ന ഈ മുൻഗണന പട്ടിക ലാൻഡ് റവന്യൂ വകുപ്പിന്റെ പോർട്ടൽ ആയ lrd.kerala.gov.in യിലും വെബ്സൈറ്റ് ആയ clr.kerala.gov.in ലും ലഭ്യമാണ്. ( ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി HRMS -ൽ വ്യക്തിഗത ലോഗിനിൽ പ്രവേശിച്ചതിന് ശേഷം Transfer and posting എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക .തുടർന്ന് Transfer Application ലിങ്കിൽ Transfer objection filing ബട്ടൺ ക്ലിക്ക് ചെയ്തതിന് ശേഷം submit objection ക്ലിക്ക് ചെയ്യുക . തുടർന്ന് Objection Form ലഭ്യമാകുന്നതാണ്. objection ടൈപ്പ് ചെയ്യുന്നതോടോപ്പം ആവശ്യമെങ്കിൽ വ്യക്തിഗത അപേക്ഷ PDF രൂപത്തിൽ 1 mb ൽ താഴെയുള്ള വിവരങ്ങൾ അപ്‌ലോഡ് ചെയ്യാവുന്നതുമാണ്.)

കമ്മീഷണർ

പകർപ്പ്

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, തിരുവനന്തപുരം
2. എല്ലാ ജില്ലാ കലക്ടർമാർക്കും
3. സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
4. ഡയറക്ടർ, ILDM, തിരുവനന്തപുരം
5. ഡയറക്ടർ, സർവ്വെ & ലാൻഡ് റിക്കാർഡ്സ്, തിരുവനന്തപുരം
6. ഡെപ്യൂട്ടി കലക്ടർ, വിജിലൻസ് (ഉത്തര, ദക്ഷിണ, മദ്ധ്യമേഖല)
7. അസിസ്റ്റന്റ് കമ്മീഷണർ (ആർ ഇ) & (എസ് സി)
8. സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ
9. നോഡൽ ഓഫീസർ, സ്റ്റേറ്റ് ഐടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
10. കരുതൽ ഫയൽ

Print Draft